GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

Editor Farm News - Dr. V. Krishnadas

---

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 04/08/2026

1. സംസ്ഥാനത്ത് തുടരുന്ന മഴയും പ്രതികൂല കാലാവസ്ഥയെയും തുടർന്നുണ്ടാകുന്ന കാർഷിക വിളനാശങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി കൃഷി വകുപ്പ് എല്ലാ ജില്ലകളിലും കൺട്രോൾ റൂമുകൾ തുറന്നു. മഴക്കെടുതി മൂലമുണ്ടാകുന്ന കൃഷിനാശം സംബന്ധിച്ച വിവരങ്ങൾ കർഷകർക്ക് അതാത് ജില്ലകളിലെ കൺട്രോൾ റൂമുകളിൽ അറിയിക്കാവുന്നതാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട അടിയന്തര സഹായങ്ങൾ ഏകോപിപ്പിക്കുന്നതിനും ആവശ്യമായ സാങ്കേതിക നിർദേശങ്ങൾ നൽകുന്നതിനും കൺട്രോൾ റൂമുകൾ പ്രവർത്തിക്കും. കൃഷിനാശത്തിന് ധനസഹായം ലഭിക്കുന്നതിനായി കർഷകർക്ക് കൃഷി വകുപ്പിന്റെ AIMS പോർട്ടൽ

മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഇതിനായി www.aims.kerala.gov.in എന്ന വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് കൃഷിഭൂമിയുടെയും നാശനഷ്ടം സംഭവിച്ച വിളകളുടെയും വിവരങ്ങൾ രേഖപ്പെടുത്തി ബന്ധപ്പെട്ട കൃഷിഭവനിലേക്ക് അപേക്ഷ നൽകണം. കൂടുതൽ വിവരങ്ങൾക്ക് www.aims.kerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകൾ സന്ദർശിക്കുകയോ ബന്ധപ്പെട്ട ജില്ലാതല കൺട്രോൾ റൂമുകളിൽ ബന്ധപ്പെടുകയോ ചെയ്യണമെന്ന് കൃഷി ഡയറക്ടറേറ്റ് അറിയിച്ചു.

| | ജില്ലയുടെ പേര് | ബന്ധപ്പെടേണ്ട നമ്പറുകൾ | |
|---|---|---|---|
| 1 | തിരുവനന്തപുരം | 9383470086/ | 9383470700 |
| 2 | കൊല്ലം | 9383470318/ | 9383470770 |
| 3 | ആലപ്പുഴ | 9383470561/ | 9383471108 |
| 4 | കോട്ടയം i/c | 9383470704/ | 9383471300 |
| 5 | പത്തനംതിട്ട | 9383470499/ | 9383470900 |
| 6 | എറണാകുളം | 9383471150/ | 9383471500 |
| 7 | ഇടുക്കി | 9383470821/ | 9383471400 |

8 തൃശ്ശൂർ 9383473242/ 9383471600

9 പാലക്കാട് 9383471457/ 9383471700

10 മലപ്പുറം 9383471618 / 9383471800

11 കോഴിക്കോട് 9383471779/ 9383471900

12 വയനാട് 9383471912/ 9383472442

13 കണ്ണൂർ 9383472028/ 9383472300

14 കാസർഗോഡ് 9383471961/ 9383472400

2. വെള്ളായണി കാർഷിക കോളേജിലെ പോസ്റ്റ് ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗം പഴം- പച്ചക്കറി സംസ്കരണം എന്ന വിഷയത്തിൽ ഇന്ന് പരിശീലന പരിപാടി നടത്തും. കൂടുതൽ വിവരങ്ങൾക്ക് **8089076698** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന 2026-27 വർഷത്തെ **ക്ലീൻ ഗ്രാമം പ്രൊജക്റ്റിന്റെ** ഭാഗമായി **വെള്ളനാട് ബ്ലോക്കിൽ** ഉൾപ്പെടുന്ന 8 കൃഷിഭവനുകളിലെ കർഷകർക്ക് അപേക്ഷിക്കാവുന്നതാണ്.

ഇനിപ്പറയുന്ന  ആറ് കമ്പോണന്റുകൾക്കായി ഓഗസ്റ്റ് പത്ത് വരെ അതതു കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിക്കാം.

a) മഷ്റൂം സ്മാൾ സ്കെയിൽ പ്രൊഡക്ഷൻ യൂണിറ്റ്:- ഒരു യൂണിറ്റ് 100 ബെഡ്ഡിന് 11250/- രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

b) ലാർജ് മഷ്റൂം പ്രൊഡക്ഷൻ യൂണിറ്റ്:- ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 40%വരുന്ന 2 ലക്ഷം രൂപ ആനുകൂല്യം ലഭിക്കുന്നതാണ്. ആദ്യ ഘട്ടത്തിൽ 300 ബെഡ് കൂൺ കൃഷി ചെയിതിട്ടുണ്ടാകണം ആധുനിക രീതിയിലുള്ള കൂൺ ഷെഡുകളാണ് നിർമ്മിക്കേണ്ടത്.

c) സ്മാൾ സ്കെയിൽ സ്പാൺ പ്രൊഡക്ഷൻ യൂണിറ്റ്: ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 40%വരുന്ന 2 ലക്ഷം രൂപ ആനുകൂല്യം ലഭിക്കുന്നതാണ്.

d) മഷ്റൂം കമ്പോസ്റ്റ് യുണിറ്റ്:- കാലാവധി കഴിഞ്ഞ കൂൺബെഡുകൾ ഉപയോഗിച്ച് മണ്ണിരയുടെ സഹായത്തോടെ വളം നിർമ്മിക്കുന്ന യൂണിറ്റുകളാണ് ഇത്. ഒരു യൂണിറ്റിന് ആകെ ചിലവിന്റെ 50% വരുന്ന 50000/- രൂപയാണ് ആനുകൂല്യം ലഭിക്കുന്നത്.

e) മഷ്റൂം പായ്ക്ക് ഹൗസ്. ഒരു യൂണിറ്റിന് 50% സബ്സിഡിയായ 2 ലക്ഷം രൂപയാണ് ആനുകൂല്യം ലഭിക്കുന്നത്. ആകെ തുക കെട്ടിട നിർമാണം ഉൾപ്പെടെ 4 ലക്ഷം രൂപയാണ് വരേണ്ടത്.

f) മഷ്റൂം പ്രിസർവേഷൻ യൂണിറ്റ്:- ആകെ തുകയായ 2 ലക്ഷം രൂപയുടെ 50 ശതമാനമായ 1 ലക്ഷം രൂപയാണ് ആനുകൂല്യമായി നൽകുന്നത്.

4. കർഷക ദിനാഘോഷത്തിന്റെ ഭാഗമായി മാറനല്ലൂർ പഞ്ചായത്ത് കൃഷിഭവന്റെ നേതൃത്വത്തിൽ കർഷകരെ ആദരിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചു. 10 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. കൃഷി മുഖ്യ ഉപജീവനമായി സ്വീകരിച്ചിട്ടുള്ളവർക്ക് അപേക്ഷിക്കാം. അഞ്ച് വർഷത്തിനുള്ളിൽ അവാർഡ് ലഭിച്ചവരെ പരിഗണിക്കുന്നതല്ല. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ ഇന്ന് അഞ്ചുമണിക്ക് മുൻപായി കൃഷിഭവനിൽ നൽകണം.

5. കൃഷിവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കഴക്കൂട്ടത്തെ ബയോ ടെക്നോളജി ആൻഡ് മോഡൽ ഫ്ലോറികൾച്ചർ സെന്റിൽ ടിഷ്യൂകൾച്ചർ വാഴത്തൈകൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. നേന്ത്രൻ, ക്വിന്റൽ നേന്ത്രൻ, മഞ്ചേരി കുള്ളൻ നേന്ത്രൻ തുടങ്ങിയ ഇനങ്ങളുടെ തൈകൾ ഒരു തൈയ്ക്ക് 20 രൂപ നിരക്കിലാണ് ലഭ്യമാക്കുന്നത്. താൽപര്യമുള്ള

കർഷകർക്ക് പ്രവർത്തി ദിവസങ്ങളിൽ കേന്ദ്രത്തിലെത്തി തൈകൾ നേരിട്ട് വാങ്ങാം. കൂടുതൽ വിവരങ്ങൾക്ക് 9383470293, 9383470292 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

6. പാറശാല ഗ്രാമപഞ്ചായത്ത് കൃഷിഭവന്റെ ആഭിമുഖ്യത്തിൽ ചിങ്ങം ഒന്നിന് കർഷക ദിനത്തിൽ മികച്ച കർഷകരെ ആദരിക്കും. 11 വിവിധ വിഭാഗങ്ങളിലാണ് പുരസ്കാരങ്ങൾ നൽകുന്നത്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ആദരവ് ലഭിക്കാത്ത കർഷകർ മാത്രം അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് അഞ്ചിന് വൈകിട്ട് അഞ്ച് മണി വരെ.

7. ഇന്ത്യാഗവൺമെന്റ് ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയത്തിനു കീഴിലുള്ള, തഞ്ചാവൂർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫുഡ് ടെക്നോളജി എന്റർപ്രെണർഷിപ്പ് ആൻഡ് മാനേജ്മെന്റിൽ വെച്ച് 2026 ഓഗസ്റ്റ് 10 മുതൽ ഓഗസ്റ്റ് 14 വരെ മില്ലറ്റ് പ്രോഡക്റ്റ് പ്രോസസ്സർ ഹ്രസ്വകാല നൈപുണ്യ പരിശീലന പരിപാടിക്ക് (STSTP) അപേക്ഷ ക്ഷണിച്ചു. കൂടുതൽ വിവരങ്ങൾക്ക് https://niftem-t.ac.in/mppr.php എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

8. റബ്ബർബോർഡിനു കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ (NIRT) പോളിമർ ടെക്നോളജി ഡിപ്ലോമ ട്രെയിനിയെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കാൻ

എഴുത്തുപരീക്ഷയും ഇന്റർവ്യൂവും നടത്തുന്നു. ഉദ്യോഗാർത്ഥികൾക്ക് പോളിമർ ടെക്നോളജി അല്ലെങ്കിൽ റബ്ബർ ടെക്നോളജിയിൽ ഡിപ്ലോമ ഉണ്ടായിരിക്കണം. അപേക്ഷകർക്ക് 2026 ജനുവരി ഒന്നിന് 30 വയസ്സ് കവിയാൻ പാടില്ല. കൂടുതൽ വിവരങ്ങൾക്ക് 0481 2353325 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുകയോ റബ്ബർബോർഡിന്റെ www.rubberboard.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.